

# One Body.
# More Faces.

## ഒരേ പ്ലാനിനെ വ്യത്യസ്തമായ ശൈലിയിൽ അണിയിച്ചൊരുക്കാമെന്നു തെളിയിക്കുന്നു രണ്ടു ഡിസൈനർമാർ.




പ്ലാനിനെപ്പോലെ പ്രധാനമാണ് വീടിന്റെ എക്സ്റ്റീരിയറും. ഒരേ പ്ലാനിനു തന്നെ ഭാവനയനുസരിച്ചു വിവിധ മുഖഭാവങ്ങൾ വരുത്താം. ഇഷ്ടങ്ങളും ചുറ്റുപാടുകളും വീടിന്റെ എലിവേഷനെ ബാധിക്കുന്ന ഘടകങ്ങളാണ്. നിർമാണസാമഗ്രികൾ, ചുവരിലെ അലങ്കാരങ്ങൾ, വാതിൽ, ജനലുകൾ... എന്നിവയോരോന്നിലും വ്യത്യസ്തത വരുത്തുമ്പോൾ വീടിനു വിവിധ ഭാവങ്ങൾ കൈവരുത്താം. വീട്ടുകാരുടെ മനോഭാവത്തെ തന്നെ സ്വാധീനിക്കാൻ വീടിന്റെ രൂപത്തിനാവും. അതുകൊണ്ട് വീടിനെ അണിയിച്ചൊരുക്കുമ്പോൾ വീട്ടുകാരുടെ ഇഷ്ടങ്ങളോട് ഏറ്റവും അനുയോജ്യമായവ രൂപം കൊടുക്കാൻ ശ്രദ്ധിക്കുക. ഒറ്റനിലയിലുള്ള പ്ലാനിനു കൊടുത്ത നാലു മാറ്റങ്ങൾ ശ്രദ്ധിക്കാം.



ജൂഡ്സൺ
ജൂഡ്സൺ അസോസിയേറ്റ്സ്
ആസാദ് റോഡ്, കൊച്ചി

## Modern Spanish Villa

പുഴയുടെ തീരത്തോ ജലാശയത്തിനു സമീപമായോ ഉള്ള പ്ലോട്ടിന് അനുയോജ്യം. കുന്നിൻചെരിവിനും ചേരും. സ്പാനിഷ് വില്ലയുടേതിനൊപ്പം ആധുനിക സ്റ്റൈലുകളും ഈ എലിവേഷനിൽ ഉപയോഗിച്ചിട്ടുണ്ട്. കാറ്റും വെളിച്ചവും കയറിയിറങ്ങാൻ പാകത്തിൽ ധാരാളം തുറസായ ഇടങ്ങളുണ്ട്. പച്ചപ്പിന്റെ അംശവും ഗ്ലാസിന്റെ ഉപയോഗവും കൂടുതലാണ്. ലിവിങ് റൂമിന്റെ ഡബിൾഹൈറ്റിലുള്ള ഭിത്തിയിൽ മുഴുവൻ കരിങ്കല്ല് പതിച്ചിരിക്കുന്നു. ലിവിങ് റൂമിൽ കൂടുതൽ വെളിച്ചം ലഭിക്കാനായി മുകൾഭാഗത്തായി ജനൽ കൊടുത്തിട്ടുണ്ട്. കാർപോർച്ചിന് ഗ്ലാസും ലൂവർ ഡിസൈനിലുള്ള തടിപ്പണിയും കൊടുത്തിരിക്കുന്നു. ഫ്ളാറ്റ് റൂഫിനു മുകളിൽ ട്രസ്സിട്ടാണ് ചരിവു കൊടുത്തിരിക്കുന്നത്. ബെഡ്റൂമിനു മുകളിൽ സ്റ്റോറേജ് സ്പേസിനും വാട്ടർടാങ്കിനും സ്ഥലമുണ്ട്. ഡെക്കറേറ്റീവ് ഗ്ലാസ് ഈ ഭാഗത്തെ ഭിത്തിക്ക് ഭംഗി കൊടുക്കുന്നു. നീളമുള്ള സൺഷേഡുകളും ഈ മാതൃകയുടെ പ്രത്യേകതയാണ്. രണ്ടിടത്ത് ഫ്ളവർബെഡ് ക്രമീകരിച്ചിരിക്കുന്നു. വെളുത്ത നിറമാണ് ബേസ് ആയി കൊടുത്തിരിക്കുന്നത്.



**പാരപറ്റിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങളാണ് ഒറ്റനിലയിലുള്ള ഈ പ്ലാനിനെ വ്യത്യസ്തമാക്കുന്നത്. നാലു മാതൃകകളിലും ലിവിങ് റൂം ഡബിൾഹൈറ്റിലാണ് ചെയ്തിരിക്കുന്നത്.**

**തെങ്ങിൻതോപ്പുകൾ പോലെയുള്ള പ്ലോട്ടുകൾ നാലുകെട്ട് ഡിസൈനിന് കൂടുതൽ ഭംഗി നൽകും. തൂണുകൾ, മുഖപ്പുകൾ, പടിപ്പുര, ചാരുപടി എന്നിവയെല്ലാം ഈ എലിവേഷന് അനിവാര്യമായി മാറുന്നു.**



# Kerala Traditional

പച്ചപ്പുള്ള തെങ്ങിൻതോപ്പുകളും മറ്റും ഈ ഡിസൈനിനു നല്ലതാണ്. റൂഫിന് 45 ഡിഗ്രി ചരിവ്. ഭിത്തിയിൽ ചെങ്കല്ലാണു പതിച്ചത്. മുൻവശത്തുള്ള തൂണുകൾ നാലുകെട്ട് രീതിയോടു ചേർന്നു നിൽക്കുന്നു. കാർപോർച്ചിൽ കോൺക്രീറ്റ് തൂണുകളും ബാക്കിയുള്ളിടത്ത് തടികൊണ്ടുള്ള തൂണുകളും കൊടുത്തിരിക്കുന്നു. മുഖപ്പുകൾ തടിയിലോ കോൺക്രീറ്റിലോ ഫെറോസിമൻറിലോ ചെയ്യാം. മുകളിലെ കൊട്ടിൽ ആകൃതിയിൽ ഡബിൾ ഹൈറ്റിൽ ചെയ്തിരിക്കുന്ന ഭാഗത്ത് ഉള്ളിലായി ഒരു ബാൽക്കണി കൊടുക്കാം. ചുറ്റും നടക്കാവുന്ന വിധത്തിലുള്ള ബാൽക്കണിക്ക് തടികൊണ്ടുള്ള ഡിസൈനോ പാനലിങ്ങോ ചെയ്യാം. മുകളിലെ ഭാഗം വ്യത്യസ്തമാക്കാനും മറ്റും ഈ ഭാഗം സഹായിക്കും. പുറകിൽ നിന്ന് ഒരു സ്റ്റെയർ കൊടുത്താൽ ബാൽക്കണിയിലേക്കു കയറാം. പ്ലാനിൽ ലിവിങ് റൂമും സിറ്റ്ഔട്ടും തമ്മിൽ വേർതിരിക്കുന്ന ഭിത്തി 45 ഡിഗ്രിയിൽ അർദ്ധവൃത്താകൃതിയിൽ ചെയ്യുന്നതും ഭംഗിയായിരിക്കും. വേണമെങ്കിൽ വരാന്തക്കും കൂടുതൽ സ്ഥലം കൊടുക്കാം. സിറ്റ്ഔട്ടിലേക്കു കയറുന്നിടത്തും വലതുവശത്തെ മുറ്റത്തിനും പടിപ്പുര കൊടുത്തിരിക്കുന്നു. ഇവിടെയുള്ള ചാരുപടിയും പാരമ്പര്യത്തനിമയുള്ളവയാണ്. ജനലുകളുടെ ഗ്ലാസിനു താഴെയുള്ള ഭാഗത്ത് ലൂവർ ഡിസൈൻ കൊടുത്തിരിക്കുന്നു.

# Classic Colonial

ബ്രിട്ടീഷ് കൊളോണിയൽ രീതിയുടെ ഗാംഭീര്യമാണ് ഈ ഡിസൈനിന്റെ പ്രത്യേകത. ഭിത്തിയിൽ കരിങ്കല്ല് പതിച്ചിരിക്കുന്നത് വീടിനു പ്രൗഢി നൽകുന്നു. റൂഫിൽ കൊടുത്തിരിക്കുന്ന കിളിക്കൂടുപോലുള്ള കൊച്ചു ജനലുകൾ ബ്രിട്ടീഷ് രീതിയിലുള്ളവയാണ്. വീടിന്റെ വശങ്ങളിലെ റൂഫിലും കിളിക്കൂടു പോലുള്ള കൊച്ചുജനലുകൾ വായു സഞ്ചാരത്തിനും ഭംഗിക്കും സഹായകമാവുന്നു.ഡബിൾ ഹൈറ്റിലുള്ള ലിവിങ് റൂമിനു മുകളിലായി വാട്ട ർ ടാങ്കും പ്ലാൻ ചെയ്യാവുന്നതാണ്. വീടിനു കൊടുത്തിരിക്കുന്ന ഗ്രേ നിറവും കൊളോണിയൽ രീതിക്ക് ചേരുന്നതാണ്. ഐവറിയും ഗ്രേയും കോംബിനേഷനാണ് വീടിന്. ഭിത്തിയിൽ ചെയ്തിരിക്കുന്ന പ്ലാസ്റ്ററിങ് അലങ്കാരപ്പണികളോടു കൂടിയതാണ്. അതാണ് കൊളോണിയൽ രീതിയുടെ എടുത്തു പറയാവുന്ന സവിശേഷത. ഈ പ്രത്യേകത കാരണം 60 സെമീറ്ററോളം അകത്തായാണ് ജനലുകൾ വരുന്നത്. നമ്മുടെ കാലാവസ്ഥയിലുള്ള ചൂടും മഴയും തടയാനും ഈ രീതി സഹായകമാണ്. ഫ്ളവർ ബെഡും ഗ്രില്ലും ഈ ഡിസൈനിന് മിഴിവേകുന്നു. ജനലിനു താഴെയായി ചെയ്തിരിക്കുന്ന ഗ്രില്ലും ഫ്ളവർ ബെഡും ബ്രിട്ടീഷ് നാടോടിക്കഥകളിലെ കാല്പനികസ്വഭാവമുള്ളവയാണ്. ഫോയറിലെ ജനലുകൾക്ക് ലൂവർ ഡിസൈനും കൊടുത്തിട്ടുണ്ട്. കാർപോർച്ചിന് ഭംഗി കൊടുക്കാനായി ഇരട്ട മേൽക്കൂരയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. എക്സ്റ്റീരിയറിന്റെ ഡിസൈൻ സവിശേഷതകൾ വീടിന്റെ വശങ്ങളിലേക്കും നീളുന്നു.



**അലങ്കാരഭംഗി കൂടിയ പ്ലാസ്റ്ററിങ് പണികൾ കൊളോണിയൽ രീതിയുടെ പ്രത്യേകതയാണ്. ന്യൂട്രൽ നിറങ്ങളും ഗ്രില്ലുകളും കിളിക്കൂടു ജനലുകളും എലിവേഷനു കാല്പനിക ഭംഗി കൊടുക്കുന്നു.**

**അധികം പച്ചപ്പില്ലാത്ത സ്ഥലങ്ങളാണ് കണ്ടംപററി ഡിസൈനിനു ചേരുന്നത്. പല തരം ഗ്ലാസുകൾ, ഗ്രാനൈറ്റ്, പാരപെറ്റിന്റെ കലാപരമായ ആകൃതി എന്നിവ വീടിനെ വേറിട്ടു നിർത്തുന്നു.**



## Contemporary

സമകാലീക രീതിയിലുള്ള ആധുനിക ഭവനങ്ങൾ ഈ എലിവേഷനെ എടുത്തു കാണിക്കുന്നു. ബാംഗ്ലൂർ സ്റ്റോൺ ഭിത്തിയിൽ ക്ലാഡ് ചെയ്തിരിക്കുന്നു. കിടപ്പുമുറിയുടെ ഡ്രസിങ് റൂമിന്റെ ഭാഗത്തായി കൊടുത്തിരിക്കുന്ന വൃത്താകൃതിയിലുള്ള ജനൽ വീടിന് വ്യത്യസ്തമായ ഒരു ഭാവം കൊടുക്കുന്നു. മിറർ ഗ്ലാസാണ് ഇവിടെ അലങ്കാരമായി മാറുന്നത്. നിറങ്ങൾക്കുമുണ്ട് പ്രത്യേകത. ആധുനിക സ്റ്റൈലിഷ് നിറമായ കറുപ്പിന് വളരെയധികം പ്രാധാന്യം കൊടുത്തിരിക്കുന്നു. ലിവിങ് റൂമിന്റെ ഡബിൾ ഹൈറ്റിന് ഗ്രാനൈറ്റിന്റെ ജെറ്റ് ബ്ലാക്ക് നിറം ആധുനികത പകരുന്നു. ഏറ്റവും മുകളിലായി ഗ്ലാസ് കൊടുത്തിരിക്കുന്നത് വെളിച്ചം കടക്കാനും കൂടിയാണ്. 'കട്ട് സ്റ്റേജ് ഡിസൈൻ' ആണ് ഈ എലിവേഷനെന്നു പറയാം. അധികം പച്ചപ്പില്ലാത്ത സ്ഥലത്തിനാണ് ഈ ഡിസൈൻ ചേരുന്നത്. ജനലിന്റെ മുകളിലുള്ള ബ്രിക്കുകൾക്ക് വാർണിഷ് ചെയ്തിരിക്കുന്നു. സൺഷേഡിന് ബോക്സ് ഡിസൈനാണുള്ളത്. ടഫൻഡ് ഗ്ലാസ്, ജനലുകൾക്ക് മായിക ഭാവം പകരുന്നു. കാർപോർച്ചിലെ തൂണുകൾ 'വി' ആകൃതിയിൽ വ്യത്യസ്തമായി നിൽക്കുന്നു. പാരപ്പറ്റിന്റെ കലാപരമായ ആകൃതിയാണ് വീടിന്റെ ഹൈലൈറ്റ്. കണ്ടംപററി രീതിയിലുള്ള വീടുകൾക്ക് ലാൻഡ്സ്കേപ്പിങ് ചെയ്യുന്നത് ഡിസൈനിനോടു ചേർന്ന രീതിയിലായിരിക്കണം.